# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 29/11/13

( 25 Muharram 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

ഇസ്‌ലാം എന്ന വാക്കുതന്നെ (ദൈവത്തോടുള്ള) വിധേയത്വത്തേയും അനുസരണയും ദ്യോതിപ്പിക്കുന്നു. മറ്റൊരു അർത്ഥം സമാധാനം എന്നാണ് അതുകൊണ്ട് മുസ്‌ലിംകളുടെ സാമൂഹിക ആശംസാപദം സമാധാനത്തെ കുറിക്കുന്ന സലാം ആകുന്നു. തിരുനബി(സ) അരുളി.

ആശംസാവചനം- അസ്സലാമു അലൈക്കും -അനുഗ്രഹമായി നിങ്ങൾക്ക് അവതരിപ്പിച്ചു നൽകിയത്അല്ലാഹു (ത) യാണ് ജനങ്ങൾക്കിടയിൽ സലാം പറയൽ ഒരു ശീലമാക്കി മാറ്റുക

ചുരുക്കത്തിൽ സലാം പറയുക എന്നത് ഒരു ഇസ്‌ലാമിക മൂല്യമാണ്. ധാർമ്മിക ബാദ്ധ്യതയും ഓരോ മുസ്‌ലീമിന്റെയും മതപരമായ ഉത്തരവാദിത്തം-തന്റെ സഹോദരന് സലാം ചൊല്ലുകയെന്നത് ഒരു കടമയാണ്.

സമാധാനം കാംക്ഷിയ്ക്കുന്ന കേവലമൊരു ആശംസാവചനം മാത്രമല്ല സലാം ആത്മീയവും വൈകാരികവുമായ നിർവ്വൃതി വ്യക്തിയിൽ ഉണർത്തുന്ന സലാം തന്റെ സഹോദരന്റെ മോക്ഷവും സംരക്ഷണവും സമാധാനവും തേടിയുള്ള ആഴമേറിയ ഒരു പ്രാർത്ഥനകൂടിയാണ്. നമ്മുടെ ഒരു പ്രവർത്തിയിലൂടെ ഒരാളെയും ദ്രോഹിക്കുകയില്ല എന്ന നിശബ്ദ പ്രഖ്യാപനവും സലാം പറയുന്നതിൽ അടങ്ങിയിരിക്കുന്നുണ്ട്.

ഹ. അബൂഹുറൈറ(റ) റിവായത്ത് ചെയ്ത ഒരു തിരുവചനം ഇങ്ങനെ : യഥാർത്ഥ വിശ്വാസം കൈകൊള്ളാതെ നിങ്ങൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല പരസ്പര സ്നേഹത്തിലൂടെയല്ലാതെ നിങ്ങൾക്ക് വിശ്വാസത്തിൽ എത്തിച്ചേരാനും കഴിയില്ല. പരസ്പരധാരണയും സ്നേഹവും വളർത്താൻ ഒരു മാർഗ്ഗം ഞാൻ പറഞ്ഞു തരട്ടെ! പരസ്പരം സലാം പറയുക (ബുഖാരി)

സലാം പറയുന്നതിന് ഇസ്‌ലാമിക വിശ്വാസപ്രകാരം മഹത്തായ പ്രതിഫലങ്ങളുണ്ട്. വിദ്വേഷവും വൈരവും മനസ്സിൽ സൂക്ഷിക്കുന്നവരോട് സലാം ചൊല്ലിയാൽ ഒരു പക്ഷേ അവരുടെ ദുരുദ്ദേശങ്ങൾ വരെ ഇല്ലാതായേക്കും തിരുനബി (സ) ഇതു സംബന്ധിച്ചു പറഞ്ഞത് ഇങ്ങനെ : കടന്നുപോകുമ്പോൾ കണ്ടുമുട്ടുന്നത് മനസ്സിൽ വിദ്വേഷം സൂക്ഷിക്കുന്നവരാണെങ്കിൽ അവർക്ക് സലാം ചൊല്ലുക അവരുടെ കോപവും ദുഷ്ചിന്തകളും പോയ്മറഞ്ഞേക്കും.

തന്റെ മുസ്‌ലിം സഹോദരൻ സലാം ചൊല്ലിയാൽ സലാം മടക്കാൻ മടിക്കുന്ന, ഉപേക്ഷവിചാരിക്കുന്ന ആളുകൾ ഇക്കാലത്തുണ്ട്. ഇത് അവർക്ക് നിർഭാഗ്യകരമാണ്. സലാം ചൊല്ലുന്നതും മടക്കുന്നതും ഓരോ മുസ്‌ലിമിന്റെയും പാവനമായ കടമകളിൽ പെട്ടതല്ലേ?

വിശുദ്ധ ഖുർആന്റെ വ്യക്തമായ വചനങ്ങളിലൂടെ കടമയാക്കപ്പെട്ട സലാം മടക്കൽ ഉപേക്ഷിച്ചുകളയാൻ നമുക്കെങ്ങനെ ധൈര്യം വരുന്നു? ഒരാളുടെ സലാം മടക്കുന്നതിനുമുമ്പു നിങ്ങൾ അയാളുടെ വിശ്വാസത്തിന്റെ ആഴത്തിനു മേൽ വിധിച്ചിരിക്കുമോ?

**നിങ്ങളോട് ആരെങ്കിലും സലാം ചൊല്ലിയാൽ അതിനേക്കാൾ ഉത്തമമായതുകൊണ്ട് അതു മടക്കുക അല്ലെങ്കിൽ തത്തുല്യമായതുകൊണ്ട് വീട്ടുക തീർച്ചയായും അല്ലാഹു (ത) എല്ലാകാര്യങ്ങളുടെയും കണക്കെടുക്കുന്നവനാണ്.** (4:87)

അതുകൊണ്ട് തന്റെ സഹോദരന്റെ സലാം മടക്കാൻ ഉപേക്ഷവിചാരിക്കുന്നവരോട് ഒരുപദേശം സലാം സഹവർത്തിത്വത്തിലേക്കുള്ള വാതിൽ തുറക്കുന്നു. തകർന്ന ബന്ധങ്ങൾ, തർക്കവിതർക്കങ്ങൾ ഒക്കെ അവസാനിക്കാൻ സലാം ചൊല്ലുന്നതിലൂടെയും മടക്കുന്നതിലൂടെയും കഴിയും

**"തന്റെ സഹോദരനുമായി ബന്ധം വിച്ഛേദിച്ച നിലയിൽ മൂന്നുരാവിലേറെകഴിയുന്നത് ഒരു മുസ്‌ലിമിനും അനുവദനീയമല്ല. പരസ്പരം കണ്ടുമുട്ടുന്ന അവസരങ്ങളിൽ അവരിലൊരാൾ മറ്റേയാളിൽ നിന്നും മുഖം തിരിച്ചുകളയുന്നതും അനുവദനീയമല്ല. അവരിൽ ഏതൊരാൾ അപരനോട് സലാം ചൊല്ലാൻ ധൃതിപ്പെടുന്നുവോ അവനാണ് ഉത്തമൻ"** (ബുഖാരി)

സലാം ചൊല്ലുന്നതും മടക്കുന്നതും സംബന്ധിച്ച ഇസ്‌ലാമിക പാഠങ്ങൾ വിനയം വളർത്തുന്നതാണ്. പൊങ്ങച്ചം നടിക്കലിനും അഹന്തയ്ക്കും ഇസ്‌ലാമിൽ യാതൊരു സ്ഥാനവുമില്ല അവയില്ലാതാക്കാൻ സലാം പറയുന്നത് ഒരു ശീലമാക്കിയാൽ മതിയാകും തിരുനബി (സ) പറഞ്ഞു. **"ആദ്യം സലാം പറയുന്നയാളിൽ അഹന്തയുണ്ടാവില്ല"** (ബുഖാരി)

ഓരോ മുസ്‌ലിമും മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാണ് പരസ്പരം ചില കടമകളും ഉത്തരവാദിത്തങ്ങളും ഉണ്ട്. "സലാം" ചൊല്ലൽ അവയിൽപ്പെടുന്നു. തിരുനബി(സ) പറഞ്ഞു. ഒരു മുസ്‌ലിമിന് തന്റെ സഹോദരനോട് ആറു കടമകൾ ഉണ്ട്.

1. **അവൻ രോഗിയാവുമ്പോൾ അവനെ സന്ദർശിക്കുക.**
2. **എപ്പോഴും അവന്റെ നന്മയും ഉയർച്ചയും കാംക്ഷിക്കുക കൂടെയുള്ളപ്പോഴും ഇല്ലാത്ത സമയത്തും.**
3. **പ്രയാസങ്ങളിൽ സഹകരിച്ച് സഹായിക്കുക**
4. **കണ്ടുമുട്ടുമ്പോൾ സലാം– അസ്സലാമു അലൈക്കും– ചൊല്ലുക.**
5. **സഹോദരൻ തുമ്മിക്കുമ്പോൾ അല്ലാഹുവിന്റെ കാരുണ്യം നിനക്കുണ്ടാവട്ടെ എന്നു പ്രാർത്ഥിക്കുക.**
6. **അവന്റെ മയ്യത്ത് നമസ്കാരത്തിൽ പങ്കെടുക്കുക.**

**ഹസ്രത്ത് ആദം (അ) ന് അല്ലാഹു (ത) പഠിപ്പിച്ചു കൊടുത്ത ആദ്യത്തെ കല്പന സലാമിനെ സംബന്ധിച്ച ഇസ്‌ലാമിക പാഠങ്ങളാണ്. ഹസ്രത്ത് അബൂഹുറൈറ(റ) റിവായത്ത് ചെയ്ത ഒരു തിരുനബി വചനം ഇങ്ങനെ : ഹ ആദം (അ) നെ സൃഷ്ടിച്ചപ്പോൾ അല്ലാഹു (ത) പറഞ്ഞു മാലാഖമാർക്ക് സലാം പറയുക അവരുടെ മറുപടിക്ക് കാതോർക്കുക. എന്തെന്നാൽ നിന്റെയും നിന്റെ തലമുറകളുടെയും ആശംസാ വചനം അതായിരിക്കും (ബുഖാരി)**

ഈ ഹദീസിനെപ്പറ്റി ചിന്തിക്കുമ്പോൾ ഒരു കാര്യം വ്യക്തമാകും. അസ്സലാമു അലൈക്കും എന്ന ആശംസാവചനം ഒഴികെയുള്ളതെല്ലാം മനുഷ്യമനസ്സുകൾ കല്പിച്ചെടുത്ത (ആശംസാവചനങ്ങളാണ്) സലാം മനുഷ്യസൃഷ്ടിപ്പിന്റെ തുടക്കംമുതൽ ദൈവകല്പിത പ്രകാരം ആശംസാ വചനമായി ലഭിച്ചതും ആകുന്നു. അതുകൊണ്ടുതന്നെ സലാം ഒഴികെയുള്ള ആശംസാവചനങ്ങൾക്ക് പരിധികളേറെയുണ്ട് ഒരുദാഹരണം പറഞ്ഞൽ പ്രയാസത്തിനുമേൽ പ്രയാസവും ആയിക്കഴിയുന്നൊരാൾക്ക് Good Morning എന്നു എങ്ങനെ ആശംസിക്കാൻ കഴിയും ? അതേസമയം പ്രയാസസന്ധികളിലാവട്ടെ സന്തോഷാവസരങ്ങളിലാകട്ടെ ദൈവീകസമാധാനവും മോക്ഷവും പ്രാർത്ഥനയാക്കുന്ന സലാം തീർച്ചയായും ഒരാൾക്ക് ആശംസിക്കുവാൻ കഴിയും.

അല്ലാഹുവിന്റെ യഥാർത്ഥ ദാസന്മാരെ മാലാഖമാർ സലാം ചൊല്ലി സ്വർഗീയ കവാടത്തിലൂടെ സ്വീകരിച്ച് ആനയിക്കുമെന്നു ഖുർആൻ പറയുന്നു.

**"തങ്ങളുടെ നാഥനെ ഭയപ്പെടുന്നവരെ സംഘങ്ങളായ് സ്വർഗ്ഗത്തിലേക്ക് ആനയിക്കും കവാടത്തിലെ മാലാഖമാർ അവരോട് പറയും നിങ്ങൾക്ക് സമാധാനം ഉണ്ടാകട്ടെ നിങ്ങൾ പരിശുദ്ധരാക്കപ്പെട്ടിരിക്കുന്നു. ശാശ്വത നിവാസത്തിനായ് ഇവിടേയ്ക്ക് പ്രവേശിച്ചു കൊള്ളുക"** (39:74)

ദൈവത്തിന്റെ ഭക്തദാസരുടെ ആത്മാക്കളെ കൊണ്ടു പോകുവാൻ എത്തുന്ന മാലാഖമാർ അവരോട് സലാം ചൊല്ലുമെന്ന് ഖുർആൻ പറയുന്നു.

**"നല്ല അവസ്ഥയിൽ മരണം വന്നെത്തുന്നവരോട് മാലാഖമാർ പറയും നിങ്ങൾക്ക് സലാം . നിങ്ങൾ ചെയ്ത സദ്‌വൃത്തികളുടെ ഫലമായി ആരാമത്തിൽ പ്രവേശിക്കുക"** (16:33)

അല്ലാഹു(ത) സ്വർഗ്ഗവാസികൾക്ക് അസ്സലാമു അലൈക്കും ചൊല്ലാറുണ്ടെന്ന് ഖുർആൻ സൂചിപ്പിക്കുന്നു. **“(അവർക്ക്) കാരുണ്യവാനായ ദൈവത്തിൽ നിന്ന് ലഭിക്കുന്ന വചനം സലാം”** (36:59)

**<u>പ്രാർത്ഥന</u>**

ഓ എന്റെ നാഥാ! ജീവിതവും മരണവും ആയി ബന്ധപ്പെട്ട എല്ലാ പരീക്ഷണങ്ങളിലും ഞാൻ നിന്നിൽ അഭയം തേടുന്നു. എന്റെ നാഥാ, എന്റെ അല്ലാഹുവേ! നിന്റെ വിധിവിലക്കുകൾക്കനുസ്യതമായി ജീവിക്കുന്നവനും സത്യമാർഗ്ഗത്തിൽ ഉറച്ചുനില്ക്കുന്നവനും ആക്കേണമേ നിന്റെ അനുഗ്രഹങ്ങൾക്ക് നന്ദിയുള്ളവനാകേണമേ നിന്നെ ആരാധിക്കുന്നതിലൂടെ നിന്റെ സന്തോഷവും തൃപ്തിയും നേടിയെടുക്കാൻ എന്നെ പ്രാപ്തനാക്കേണമേ! നീ എനിക്കു നന്മയായത് പ്രദാനം ചെയ്യേണമേ! തിന്മകളായി നീ വിധിച്ചവയുടെ നാശത്തിൽ നിന്നു എന്നെ നീ സംരക്ഷിക്കേണമേ. എന്റെ പാപങ്ങളായി നീ കരുതുന്നവ പൊറുത്തീടണമേ. എന്റെ നാഥാ! എന്റെ അല്ലാഹുവേ! ഞാൻ ചെയ്ത തെറ്റുകൾ മാപ്പാക്കണമേ മറന്നു പോയതും, മറച്ചു വച്ചതും, അറിഞ്ഞുചെയ്തതും, ആയ തെറ്റുകൾ ക്ഷമിക്കേണമേ. എന്നെക്കാൾ നന്നായി എന്റെ തെറ്റുകുറ്റങ്ങൾ അറിയുന്നവനേ അകലത്തിലുള്ളതിനെ അടുപ്പിക്കുന്നവനേ, പങ്കുകാരില്ലാത്ത ലോകനാഥാ, പൊറുക്കേണമേ! (ആമീൻ)

**Issued By**

**R. Jamaludin Raother**
**Amir**

Jamaat-Ul-Sahih-Al-Islam, Kerala
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*Website: www.jamaat-ul-sahih-al-islam.com*

<u>Translated By</u>

**Hazrat Mukarram Fazil Jamal**